## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5472** **27.03.2018 ൽ മറുപടിയ്ക്ക്**

### ജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുവാൻ പദ്ധതികൾ

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങളുടെ കുറവ് കൃഷി ആദായകരമല്ലാതായി തീർന്നതിന്റെ കാരണമായി കരുതുന്നുണ്ടോ; വിശദമാക്കാമോ; | എ) | കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങളുടെ കുറവ് കൃഷി ആദായകരമല്ലാത്തതായി തീർന്നതിന് ഒരു പ്രധാന കാരണമാണ്. കൃഷി ചെലവ്, കീടരോഗബാധ, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, കയറ്റുമതി ഇറക്കുമതി നയങ്ങൾ എന്നിവയെല്ലാമാണ് കൃഷി ആദായകരമല്ലാത്തതായി തീരുന്നതിനുള്ള കാരണങ്ങളിൽ ഒന്ന്. നിലവിൽ കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങൾക്ക് ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ചെറുകിട നാമമാത്ര കർഷകർക്കും കുടുംബശ്രീ യൂണിറ്റുകൾക്കും കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകുന്ന പദ്ധതികൾ നടപ്പാക്കുകയും വിവിധ കാർഷിക വിള അടിസ്ഥാനത്തിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | വിലയിടിവ് സംഭവിച്ചിട്ടുള്ള വിളകൾക്ക് താങ്ങുവില നിശ്ചയിച്ച് കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് ന്യായമായ വില നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | ബി) | ഉത്സവ കാലങ്ങളിൽ (ഓണം, വിഷു) പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിക്കുമ്പോൾ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണി വിലയേക്കാളും അധിക വില നൽകി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് വില കുറച്ച് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാർഷിക വിളകളായ പച്ചത്തേങ്ങ, നെല്ല്, റബ്ബർ മുതലായവയ്ക്ക് താങ്ങുവില നിശ്ചയിച്ച് വിവിധ ഏജൻസികൾ മുഖാന്തിരം സംഭരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന കൃഷി രീതികളുടെ പ്രയോഗം, യന്ത്രവത്ക്കരണം, കൂടുതൽ വരുമാനം എന്നിവ ആവശ്യം വേണ്ട ഘടകങ്ങളാണ്. ഇതിനായി താഴെ പറയുന്ന വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1. ഹൈടെക് അഗ്രിക്കൾച്ചർ.<br>2. പച്ചക്കറി വികസന പദ്ധതി.<br>3. അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും.<br>4. ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം.<br>5. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത യൂണിറ്റുകൾ.<br>6. അഗ്രോപാർക്കുകൾ.<br>7. വിളവെടുപ്പിനു ശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും.<br>8. കേരളത്തിലെ പഴം, പച്ചക്കറികൾ വിദേശങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള പദ്ധതികൾ. |

Mayal

സെക്ഷൻ ഓഫീസർ